

# ഓർമ്മ

വാസുദേവ് പുളിക്കൽ

ഓർമ്മയില്ല ജനനം
ശൈശവും ഓർമ്മയില്ല
പക്ഷെ, ബാല്യത്തിൻ കുസൃതിയും
മാതാവിൻ വാത്സല്യവും
സോദരിതൻ സ്നേഹവായ്പും
കാമിനി തന്നനുരാഗവും
ഓർമ്മയിലിപ്പോൾ തെളിയുന്നു

എന്നാലീ ഓർമ്മകൾ മാറാപ്പിലാക്കി
മറവിയും എങ്ങോ പോയല്ലോ?
മനസ്സിൻ പ്രേരണയാലോ എന്തിനു
പൂഴ്ത്തിവച്ചീ ഓർമ്മകളെ...

കലാലയ ജീവിതം സുന്ദരം
പുറമേ ഉണ്മ തൻ പരുപരുപ്പ്
തൊഴിലിൻ വാതിൽ തുറക്കാനായി
കൈക്കൂലി കൊണ്ടൊരു താക്കോലു
കോഴപ്പണമില്ലാതെ പിണമായി
അലയുക ഭൂതത്താനായ്
തുറന്നതില്ലാ വാതിലുകൾ- ധനം
തേരു തെളിച്ചങ്ങെത്താതെ
വറ്റിപ്പോയെൻ ചുറ്റിലുമൊഴുകിയ
പവിത്ര സ്നേഹ തീർത്ഥ ജലം
നിർഗ്ഗുണനെന്ന് മുദ്രകുത്തിയവരിൽ
പെറ്റമ്മയും കാമിനിയുമോ?
സഹിച്ചില്ലെൻ മനം നുറുങ്ങുകളായ്
വിധിയുടെ വിളയാട്ടത്തിൽ

വർഷങ്ങളനെയിഴഞ്ഞപ്പോൾ
പ്രവാസ തീരത്തെത്തിയ ഞാൻ
ഉത്കർഷത്തിൽ അലിഞ്ഞപ്പോൾ
വേദനയായ്, മധുരമായ്
പൂർവ്വസമരണകളുണർന്നു

തെറ്റോ, ശരിയോ? കുഴിച്ചു മൂടി
ഞാൻ ഓർമ്മകളെ...
എന്നിട്ടുമേതൊ ഓർമ്മകൾ കോർത്തൊരു
ചിന്തകൾ ഇഴപിരിച്ചപ്പോൾ
ഉത്തരം കിട്ടാത്തൊരു ചോദ്യം ബാക്കി
സ്നേഹത്തിന്നടിത്തറ പണമോ?

ഏകനായ് വന്ന ഞാനെന്നുമേകൻ
പ്രവാസ തീരത്തൊരിക്കലും
തോണി കാത്തിരിക്കാത്തൊരേകൻ
ഓർമ്മകളെയമർത്തിയിരിക്കുമൊരേകൻ.

(ഓർമ്മകൾ പഴയതായത്കൊണ്ട് പഴയ ചിത്രം നൽകുന്നു)